പതിനാലാം കേരള നിയമസഭ
പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1816 — 10.03.2020-ൽ മറുപടിയ്ക്ക്

## കൊറോണ രോഗ പ്രതിരോധ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. ജോയി | കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| എ) കൊറോണ രോഗം പ്രതിരോധിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) ചൈനയിൽ കൊറോണ രോഗം റിപ്പോർട്ട് ചെയ്തതിനോടനുബന്ധിച്ച് സംസ്ഥാന-തലത്തിലും ജില്ലാ തലങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തുറന്ന് രോഗപ്രതിരോധം ഉൾപ്പെടെയുള്ള നടപടികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. രോഗബാധിത പ്രദേശങ്ങളിൽ നിന്നും എത്തിയ യാത്രക്കാരെ എയർപോർട്ട്/ സീപോർട്ടുകളിൽ നിരീക്ഷണത്തിന് വിധേയരാക്കി. രോഗലക്ഷണങ്ങൾ ഇല്ലാത്തവരെ അവരവരുടെ വീടുകളിൽ 28 ദിവസം മറ്റുള്ളവരോട് സമ്പർക്കം ഉണ്ടാകാത്ത രീതിയിൽ പ്രത്യേകം കഴിയുവാൻ നിർദ്ദേശിച്ചു. രോഗ-ലക്ഷണങ്ങൾ കാണിക്കുന്നവരെ തെരഞ്ഞെടുക്കപ്പെട്ട മെഡിക്കൽ കോളേജ്/ ജില്ലാ/ജനറൽ ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുള്ള ഐസൊലേഷൻ വാർഡുകളിൽ പ്രവേശിപ്പിച്ച് ശരീരസ്രവസാമ്പിളുകൾ പരിശോധിച്ച് രോഗം മറ്റുള്ളവരിലേയ്ക്ക് പകരാതെ വ്യക്തിഗതസുരക്ഷാ മാർഗ്ഗങ്ങളോടെ ചികിത്സാവിധേയരാക്കി. രോഗ-ബാധയുള്ളവരും ഇല്ലാത്തവരും പൊതുചടങ്ങുകളിൽ നിന്നും യാത്രകളിൽ നിന്നും വിട്ടുനില്ക്കുവാനുള്ള ജാഗ്രതാ നിർദ്ദേശവും നല്കിയിട്ടുണ്ട്. ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും തുവാല ഉപയോഗിക്കുവാനും സംസാരിക്കുമ്പോൾ മറ്റുള്ളവരിൽ നിന്നും ഒരു മീറ്ററെങ്കിലും അകലം പാലിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. രോഗബാധിതരുമായി അടുത്ത സമ്പർക്കം ഉണ്ടായിട്ടുള്ളവരേയും |

| | | | |
|---|---|---|---|
| | | | അവരുമായി സമ്പർക്കം ഉണ്ടായിട്ടുള്ളവരേയും കണ്ടെത്തി എല്ലാവരേയും 28 ദിവസം വീടുകളിൽ നിരീക്ഷിച്ചു. കൈകൾ കൂടെക്കൂടെ സോപ്പുപയോഗിച്ച് കഴുകുവാനും അവരവരുപയോഗിക്കുന്ന സാധന സാമഗ്രികൾ മറ്റുള്ളവരുമായി പങ്കിടരുതെന്നുമുള്ള നിർദ്ദേശം നല്കി. രോഗം സംബന്ധിച്ച് പൊതുജനങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം, ടൂറിസം, മൃഗസംരക്ഷണം തുടങ്ങിയ വകുപ്പുകൾക്കായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കി നല്കുകയും ആരോഗ്യ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ജനങ്ങളുടെ സംശയങ്ങൾ ദൂരീകരിക്കാൻ "ദിശ"യുടെ ടോൾ ഫ്രീ നമ്പർ ലഭ്യമാക്കിയിട്ടുണ്ട്. ജില്ലകളിലും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന കാൾ സെന്ററുകളും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. വീടുകളിലും ആശുപത്രികളിലും നിരീക്ഷണത്തിൽ കഴിഞ്ഞിട്ടുള്ള എല്ലാവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആവശ്യമായ മാനസിക പിന്തുണയും സഹായങ്ങളും ആരോഗ്യ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നല്കി വരുന്നുണ്ട്. |
| **ബി)** | കേരളത്തിൽ എത്ര പേർക്ക് കൊറോണ രോഗം പിടിപെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ? | **ബി)** | കേരളത്തിൽ നാളിതുവരെ പതിനേഴ് പേർക്കാണ് കൊറോണ രോഗം സ്ഥിരീകരിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**